ഇതിനുപുറമെ സിവിൽ സർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവീസ് ബോർഡ് രൂപീകരിക്കണമെന്ന് ബഹു. സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഐ.എ.എസ്/ഐ.എഫ്.എസ് ഉദ്യോഗസ്ഥർക്കുവേണ്ടി 5-5-2014-ലെ സ.ഉ.(കൈ) നമ്പർ 107/14/പൊ.ഭ.വ. പ്രകാരം ഒരു സിവിൽ സർവ്വീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) സിവിൽ സർവീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശിപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2016-ലെ സ.ഉ. (അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

85 (1825) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർകോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണത്തിന് കഴിഞ്ഞ വർഷം ബഡ്ജറ്റ് സ്പീച്ചിൽ അഞ്ചു കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും തുക ലഭ്യമാക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത സ്റ്റേഡിയത്തിനാവശ്യമായ തുക എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2014-15 വർഷത്തെ ബജറ്റ് ചർച്ചയുള്ള മറുപടി പ്രസംഗത്തിൽ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയത്തിനായി 5 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച ഭരണാനുമതി സഹിതമുള്ള ശിപാർശ ഭരണ വകുപ്പിൽ നിന്ന് ലഭിക്കാത്തതിനാൽ തുക വകയിരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭരണ വകുപ്പിൽ നിന്നും ഭരണാനുമതി സഹിതമുള്ള ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുക വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly